**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇത്തവണ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എന്തെല്ലാം മുൻകരുതലുകളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ; | (എ) | ഇത്തവണ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് താഴെപ്പറയും പ്രകാരം മുൻകരുതലുകൾ ഏർപ്പെടുത്തിയിരുന്നു. 1. ഓൺലൈൻ അപേക്ഷ സമർപ്പണം : ഹജ് അപേക്ഷ പൂർണമായും ഓൺലൈൻ വഴി മാത്രമാക്കി. 2. ഇ പേയ്മെന്റ് : ഹജ് അപേക്ഷ ഫീസ് ഓൺലൈൻ വഴി മാത്രം സ്വീകരിച്ചു. 3. സാമൂഹ്യ അകലം : ഈ വർഷത്തെ ഹജ് നടപടികൾ പൂർണമായും സാമൂഹിക അകലം പാലിച്ചായിരിക്കുമെന്ന് അപേക്ഷ സമയത്ത് തന്നെ പ്രഖ്യാപിച്ചു. 4. കോവിഡ് പ്രതിരോധ കുത്തിവെപ്പ് : ഹജ് തീർത്ഥാടകർക്ക് കോവിഡ് പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കി. 5. കൈക്കുഞ്ഞുങ്ങളുമൊത്തുള്ള ഹജ് യാത്ര നിർത്തലാക്കി. 6. ഒരു ഫാമിലി ഗ്രൂപ്പിലെ പരമാവധി തീർത്ഥാടകരുടെ എണ്ണം 3-ആയി കുറച്ചു. 7. ഹജ് തീർത്ഥാടന ദിനങ്ങൾ ചുരുക്കി ക്രമീകരിച്ചു. 8. സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കും മറ്റു ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്കും ഗർഭിണികൾക്കും അപേക്ഷിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി. |
| (ബി) | ഹജ്ജ് തീർത്ഥാടകരുടെ എണ്ണം കുറച്ചതിനാലും യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയതിനാലും കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ മുൻഗണനയും മറ്റുകാര്യങ്ങളും നിർണ്ണയിക്കുന്നതിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (ബി) | 1. വയസ്സ് നിയന്ത്രണം : ഈ വർഷത്തെ ഹജ് തീർത്ഥാടനം, 18നും 60നും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമാക്കി. 2. പ്രതിരോധ കുത്തിവെപ്പ് : ഹജ് തീർത്ഥാടകർക്ക് കോവിഡ് പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കി. 3. മുൻഗണന നൽകി : രണ്ട് ഡോസും യാത്രക്ക് 14 ദിവസം മുമ്പ് നൽകുന്നതിന്കോവിഡ്വാക്സിൻ മുൻഗണനാ ലിസ്റ്റിൽ ഹജ് അപേക്ഷകരെയും സർക്കാർ ഉൾപ്പെടുത്തി. 4. പ്രതിരോധ ശേഷി ഉറപ്പാക്കൽ : പ്രതിരോധശേഷി ഉറപ്പാക്കുന്നതിന് (ആന്റിബോഡി) ഹജ് യാത്രക്ക് 14-ദിവസം |

| | | | |
|---|---|---|---|
| | | | മുമ്പ്തന്നെ രണ്ടാം ഡോസ്‌വാക്സീൻ സംസ്ഥാന സർക്കാർ ലഭ്യമാക്കി. |
| (സി) | ഹജ്ജ് ഹൗസുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭാവിയിൽ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഹജ് ഹൗസ് പ്രവർത്തനങ്ങൾ: ഹജ് തീർത്ഥാടന സമയങ്ങളിലെ ഉപയോഗങ്ങൾക്ക് ശേഷം, ഹജ് ഹൗസ് കേ ന്ദ്രീകരിച്ച് സിവിൽ സർവീസ്‌കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ